# അമൃത സർവ്വകലാശാലയിൽ വിദ്യുത് 2012 മൾട്ടിഫെസ്റ്റ് സമാപിച്ചു

കൊല്ലം: അമൃത സർവ്വകലാശാലയിൽ മൂന്ന് ദിവസമായി നടന്നുവന്ന വിദ്യുത് 2012 മൾട്ടിഫെസ്റ്റിന് സമാപനമായി. രാജ്യമൊട്ടാകെയുള്ള പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അമൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നായി 6000 ത്തോളം വിദ്യാർത്ഥികൾ ഫെസ്റ്റിൽ പങ്കെടുത്തു. വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ ഫെസ്റ്റിന്റെ ഭാഗമായി നടന്നു.

കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എൻ.ടി.പി.സി, ബയോടെക്നോളജി, ഫിസിക്സ്, കൾച്ചറൽ എഡ്യുക്കേഷൻ, സോഷ്യൽ വർക്ക് വിഭാഗങ്ങൾ എന്നിവയുടെ പ്രദർശനങ്ങൾ ഫെസ്റ്റിന്റെ ഭാഗമായി നടന്നു. ഇന്ത്യൻ തത്വചിന്തയെ പരിചയപ്പെടുത്തുന്ന ഇന്ത്യൻ ഹെറിറ്റേജ് പവലിയനും ശ്രദ്ധയാകർഷിച്ചു. വിദ്യാർത്ഥികൾ രൂപം നല്കിയ റോബോട്ടുകളുടെ മത്സരമായിരുന്നു സമാപനദിനത്തിലെ പ്രധാന ഇനം. സ്റ്റേറ്റ് ബാങ്ക് എം.ഡി നന്ദകുമാരൻ, എസ്.കെ.എഫ്. കമ്പനി ലാബ്സ് ഹെഡ് അരുൺ ശിവറാം, എം. കന്തസ്വാമി എന്നിവർ പ്രഭാഷണം നടത്തി.



കുട്ടികൾ കാർ അസംബ്ളി ചെയ്യുന്നു